നം.കെഎസ്എ-കെടിഎം-പി.6.1788/2016 തീയതി.22.11.2016

# കോട്ടയം ജില്ലയിലെ മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13,**
**1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 16.02.16 മുതൽ ഓഡിറ്റ് തീയതി വരെ പഞ്ചായത്ത് രസീതുകൾ മുഖേന നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയ പണം പിൻവലിക്കൽ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചു. ടി മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)**ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 8.11.16--16.11.16 |
| ഉദ്യോഗസ്ഥർ | ശ്രീ.സന്തോഷ് കെ.വി ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീ. സുമേഷ് പി.വി, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. അമ്പിളി യു,, ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി.ലീനാ ഡി നായർ<br>ശ്രീ.പി.വി.ഹരിക്കുട്ടൻ | 01.04.201- 18.11.2015<br>19.11.2015-31.3.2016 |
| സെക്രട്ടറി | ശ്രീ.രാജേഷ് ടി വർഗ്ഗീസ്<br>ശ്രീമതി.ഗിരിജ എസ്<br>ശ്രീ.രാജേഷ് ടി വർഗ്ഗീസ്<br>ശ്രീമതി.മീര എൻ മേനോൻ | 01.04.2015- 15.04.2015<br>16.04.15-30.8.2015<br>31.08.15-3.9.15<br>4.9.15-31.03.16 |

സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

| | | |
|---|---|---|
| വികസനകാര്യം | ശ്രീമതി.ബിന്ദു പ്രദീപ്<br>അഡ്വ.പി വി കൃഷ്ണകുമാർ | 01.04.2015- 30.11.2015<br>19.11.15-31.3.16 |
| ക്ഷേമ കാര്യം | ശ്രീ.പോൾതോമസ്<br>ശ്രീമതി.മല്ലിക | 01.04.2015- 30.11.2015<br>1.12.15- 31.3.16 |
| ആരോഗ്യ/ വിദ്യാഭ്യാസം | ശ്രീമതി.നിഷ അനീഷ്<br>ശ്രീ.കെ എസ് വേണുഗോപാൽ | 01.04.2015- 30.11.15<br>1.12.15- 31.3.16 |
| ധനകാര്യം | ശ്രീ.എൻ സി തോമസ് | 01.04.2015- 30.11.15 |

| | | |
|---|---|---|
| | ശ്രീമതി. കെ ബി രമ | 1.12.15- 31.3.16 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.മിനിജോസഫ് | 01.04.2015-31.03.2016 |
| വി.ഇ.ഒ<br>(കെ എസ് മംഗലം)<br>വി.ഇ.ഒ (മറവന്തുരുത്ത്) | ശ്രീമതി.ജിഷ പി റ്റി<br>ശ്രീമതി.അനില കെ എസ്<br>ശ്രീമതി.ജിഷ പി റ്റി (ചാർജ്) | 01.04.2015-31.03.2016<br>01.04.2015- 18.10.15<br>19.10.15-31.03.16 |
| എച്ച് എം ,<br>ഗവ.യു.പി.എസ് മറവന്തുരു ത്ത് | ശ്രീ.വിജയകുമാർ | 01.04.2015-31.03.2016 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | മറ്റം മെറിറ്റ് കുര്യൻ | 01.04.2015-31.03.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ജലജകുമാരി | 01.04.2015-31.3.2016 |
| മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | ഡോ.അലക്സ് തോമസ് | 01.04.2015- 31.03.16 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മഞ്ജു കെ സേവ്യർ | 1.4.15-17.6,15 |
| | ഡോ.നിഷ | 18.6.15-31.03.16 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സുധിൻ കൃഷ്ണൻ റ്റി. | 01.04.15-31.03.16 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.രാഗേഷ് | 01.04.2015-31.03.2016 |
| കൃഷി ഓഫീസർ | ശ്രീമതി റെയ്ച്ചൽ സോഫിയ അലക്സാണ്ടർ | 01.4.15-31.3.16 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ലീന വി.<br>ശ്രീമതി ശോഭിനി.ടി.വി | 01.4.15-31.05.15.<br>1.06.15-31.03.16 |

ഉള്ളടക്കം



| ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|
| ബഡ്ജറ്റ് | 1-1 |
| വാർഷികധനകാര്യപത്രിക | 1-2 |
| വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതിയവലോകനം | 1-6 |

| | |
|---|---|
| തനത് വരുമാനം | 1-7 |
| ക്ഷേമപെൻഷനുകൾ | 1-8 |
| കാഷ് വെരിഫിക്കേഷൻ | 1-9 |
| ആഭ്യന്തരനിയന്ത്രണം | 1-10 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2<br>വരവുകണക്കുകൾ | |
| വാർഷിക കണക്കുകളുടെ അവലോകനം | 2-1 |
| വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 2-2 |
| തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 |
| ഡി ആന്റ് ഒ ലൈസൻസ്--അന്വേഷണ റിപ്പോർട്ട് തയ്യാറാക്കാതെ അനുവദിച്ചു | 2-4 |
| ഇ-ടെന്റർ-ടെന്റർ ഫോം വില പഞ്ചായത്തിന് ലഭ്യമായിട്ടില്ല | 2-5 |
| ഭാഗം 3 ചെലവുകണക്കുകൾ | |
| പദ്ധതി നിർവ്വഹണം--ഒരേ ദിവസം രണ്ട് പരസ്യങ്ങൾ നൽകിയത് മൂലം അധികച്ചെലവ് | 3-1 |
| മറ്റപ്പറമ്പ് -ചെമ്മനാകരി റോഡ്--അനധികൃതമായി ടോൾ പിരിച്ചു | 3-2 |
| കന്നുകുട്ടി പരിപാലനം--രേഖകൾ അപൂർണ്ണം | 3-3 |
| വിവിധ കാരണങ്ങളാൽ ചെലവ് തുകകൾ തടസ്സപ്പെടുത്തുന്നു. | 3-4 |
| റോഡ് വർക്കുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമായി നിർവ്വഹിച്ചിട്ടില്ല | 3-5 |
| റോഡ് ടാറിംഗ് പ്രവൃത്തികൾ--ഒഴിഞ്ഞ ടാർവീപ്പകളുടെ വില ബില്ലിൽ നിന്നും കുറവ് ചെയ്യാൻ വിട്ടുപോയി--കൺവീനർക്ക് അധികം തുക നൽകി | 3-6 |
| പദ്ധതി ഗുണഭോക്താവല്ലാത്തയാളെ കൺവീനറാക്കി പ്രവൃത്തി നിർവ്വഹണം നടത്തി | 3-7 |
| ചെമ്മനാകരി സാംസ്കാരിക നിലയം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ അപാകതകൾ | 3-8 |
| റോഡ് നിർമ്മാണത്തിന് സ്വകാര്യ ഭൂമി വിട്ടുനൽകിയത്--<br>പഞ്ചായത്തിന്റെ ആസ്തിയായ് പരിണമിച്ചിട്ടില്ല | 3-9 |

| | |
|---|---|
| | |
| ഭവന നിർമ്മാണം--പണി പൂർത്തീകരിച്ചിട്ടില്ല | 3-10 |
| ഭാഗം 4-പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ വിവരങ്ങൾ | 4-3 |
| വായ്പ വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ്ഖണ്ഡികകൾ | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 24/03/2015 തിയതിയിലെ 1-ാം നംപർ. തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 9947858 | 11933945 | 1986087 | - |
| വരവ് | 92847007 | 32363107 | - | 60483900 |
| ആകെ | 102794865 | 44297052 | - | 58497813 |
| ചെലവ് | 97486358 | 41645616 | - | 55840742 |
| നീക്കിയിരിപ്പ് | 5308507 | 2651436 | - | 2657071 |

ബഡ്ജറ്റ് തയ്യാറാക്കുന്ന പ്രക്രീയയിൽ താഴെപ്പറയുംവിധം അപാകതകൾ കാണുന്നു.

1.ബഡ്ജറ്റ് നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കു മുമ്പാകെ 18.03.15 നും ജനറൽകമ്മറ്റിക്കു മുമ്പാകെ

24.03.15 നം ആണ് എത്തിയത്. എന്നാൽ ഈ കമ്മറ്റികൾ വിശദമായ ചർച്ചകൂടാതെ അന്നുതന്നെ ബഡ്ജറ്റ് പാസ്സാക്കുകയായിരുന്നു എന്നാണ് രേഖകൾ വ്യക്തമാക്കുന്നത്.

2.മുൻവർഷത്തിൽ യഥാർഥത്തിൽ ലഭിച്ച വരവുചെലവുകണക്കുകളുമായി തുലനപ്പെടുത്തിയല്ല തൻവർഷബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത് എന്നാണ് തൻവർഷത്തെ ബഡ്ജറ്റ് സംഖ്യയും യഥാർഥ വരവ്ചെലവ് സംഖ്യയും തമ്മിലുള്ള ഭീമമായ വ്യതിയാനത്തിൽ നിന്നും വ്യക്തമാകുന്നത്.

3.കൃത്യമായി ഇനനിർണ്ണയം നടത്താത്ത സംഖ്യകൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണത്തിന് മറ്റിനം എന്ന ശീർഷകത്തിൽ 4924828 രൂപ വരവിലും 6634336രൂപ ചെലവിലും ഉൾപ്പെടുത്തിയത്.

വാർഷിക ബഡ്ജറ്റ് വസ്തുതാപരമായ് അവതരിപ്പിക്കാൻ ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 15.7.16 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | പ്രാഥമിക പരിശോധന നടത്തിയിട്ടില്ല | ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിനൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11933945 |
| വരവ് | 32363107 |
| ആകെ | 44297052 |
| ചെലവ് | 41645616 |
| നീക്കിയിരിപ്പ് | 2651436 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1`556159 | 5469240 | 7025399 | 7025399 | - | 0 | |
| വികസനഫണ്ട് എസ്.സി.പി. | 2285771 | 3022031 | 5307802 | 5307802 | 600967 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | 16000 | 20000 | 36000 | 36000 | 10000 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 42329 | 665046 | 707375 | 707375 | - | 0 | |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2041540 | 1502477 | 3544017 | 3544017 | - | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 547645 | 3430562 | 3978207 | 3978207 | 1066647 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 2729000 | 0 | 2729000 | 2729000 | 2729000 | 0 | |
| എം.എൻ. ആർ.ഇ.ജി.എസ്. | 0 | 24439525 | 24439525 | 24438606 | - | 919 | |
| ബി ഫണ്ട് | 0 | 18671762 | 18671762 | 18671762 | - | 0 | |

പെർഫോമൻസ് ഗ്രാന്റിനത്തിൽ തൻവർഷം വരവില്ല. എന്നാൽ വാർഷികകണക്കുകളിൽ പ്രാരംഭബാക്കിയിൽ നിന്നുള്ള ചെലവ് തുക വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 125 | 54743925 | 110 | 30871409 | 15 | 88 |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 490/2015/DPC/DPO/KTM തീയതി 11.06.2015 പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 1.1.15,11.6.15, തീയതികളിലും പദ്ധതി ആസൂത്രണഗ്രാമസഭ .1.1.15, തീയതികളിലും വികസനസെമിനാർ 30.1.15. തീയതിയിലും ഗുണഭോക്തൃലിസ്റ്റ് അംഗീകാരം സംബന്ധിച്ച ഗ്രാമസഭ 12.06.15, മുതൽ തീയതികളിലും കൂടിയിട്ടുണ്ട്.

പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും

| മേഖല | നേട്ടങ്ങൾ | കോട്ടങ്ങൾ |
|---|---|---|
| ഉല്പാദനം | കാർഷികമേഖലയിൽ നെൽകൃഷി, വാഴകൃഷി, ജാതികൃഷി, പച്ചക്കറികൃഷി എന്നിവയുടെ വികസനത്തിനായ് 800000രൂപ ചെലവഴിച്ചു.<br>മൃഗസംരക്ഷണരംഗത്ത് കന്നുകുട്ടിപരിപാലനം, തൊഴുത്ത് നിർമ്മാണം കാലിത്തീറ്റ സബ്സിഡി നൽകൽ എന്നിവയ്ക്കായ് തുക ചെലവഴിച്ചു. | ഉല്പാദനവർദ്ധനവ് വ്യക്തമാക്കുന്ന സ്ഥിതിവിവരണക്കണക്കുകൾ ലഭ്യമായിട്ടില്ല. |
| സേവനം | നിർദ്ധനരോഗികൾ, വൃദ്ധർ, വികലാംഗർ എന്നിവരുടെ ക്ഷേമത്തിനായ് 762430 രൂപ ചെലവഴിച്ചു.<br>ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | ഖരമാലിന്യസംസ്കരണത്തിനുതകുന്ന ഫലപ്രദമായ പദ്ധതികൾ നടപ്പിലാക്കിയില്ല.<br>എല്ലാ അങ്കണവാടികൾക്കും സ്ഥലം,കെട്ടിടം ഉൾപ്പെടെയുള്ള ഭൗതികസാഹചര്യങ്ങൾ |

| | | |
|---|---|---|
| | നൽകുന്നതിനായ് 300000രൂപ ചെലവഴിച്ചു.<br>ഭവനനിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ധനസഹായം നൽകി.<br>പോഷകാഹാരപദ്ധതിക്ക് 1440950 രൂപ ചെലവഴിച്ചു.<br>ഘടകസ്ഥാപനങ്ങളുൾപ്പെടെയുള്ളവർക്ക് ഫർണീച്ചർ, കമ്പ്യൂട്ടർ ഉൾപ്പെടെ ഉപകരണങ്ങൾ ലഭ്യമാക്കി.<br>ഹോമിയോ ആയുർവേദാശുപത്രികൾക്ക് 450000രൂപ ചെലവഴിച്ച് മരുന്ന് ലഭ്യമാക്കി. | ലഭ്യമാക്കിയിട്ടില്ല.<br>ഭവനനിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയ പേർ ഇനിയും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. |
| പശ്ചാത്തലം | നാല്പത്തിരണ്ട് റോഡുകളുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾക്കായ് തുക ചെലവഴിച്ചു.<br>കണ്ണംകളത്ത് തൂക്കുപാലം നവീകരിക്കുന്നതിന് തുക വിനിയോഗിച്ചു. | റോഡ് നിർമ്മാണ പ്രവൃത്തികൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമായ് നിർവഹിച്ചിട്ടില്ല.<br>ആസ്തികളുടെ കൃത്യമായ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായി

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 2267727 | 2967096 | (+)699369 |
| നികുതിയേതര വരവുകൾ | 323463 | 565866 | (+)242403 |
| മറ്റുവരവുകൾ | 0 | 25620 | (+)25620 |
| ആകെ | 2591190 | 3558582 | (+)967392 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 629640 | 323 |
| കർഷകതൊഴിലാളി പെൻഷൻ | 2617890 | 340 |
| വിധവാപെൻഷൻ | 4526000 | 447 |
| വാർദ്ധക്യകാലപെൻഷൻ | 8024730 | 1588 |
| വികലാംഗപെൻഷൻ | 2484260 | 228 |
| അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 385320 | 37 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസായ 3031 രൂപയുടെ (മൂവായിരത്തി മുപ്പത് രൂപ) കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. നിർവഹണോദ്യോഗസ്ഥർ പദ്ധതിച്ചെലവിനാധാരമായ റിക്വസിഷനുകൾ നൽകുകയും ആയതിന്റെയടിസ്ഥാനത്തിൽ അലോട്ട്മെന്റ് അനുവദിക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്ത്കമ്മിറ്റി പദ്ധതിനിർവഹണം സംബന്ധിച്ച് വാർഷികപുരോഗതി അവലോകനം നടത്തുകയും കാര്യനിർവഹണോദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. വിവിധശീർഷകങ്ങളിൽ ലഭിക്കുന്ന വികസനഫണ്ടിന്റെ വരവുചെലവ് വിശദാംശങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സർക്കാരിലേക്ക് വാറ്റ്, വരുമാന നികുതി, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി എന്നീയിനങ്ങളിൽ അടക്കുന്നതിനുവേണ്ടി വിവിധ ബില്ലുകളിൽ നിന്നും പിടിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.9.16 | 8/16 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.5.12 മുതൽ 22.5.12വരെ | 2007-08 മുതൽ 2011-12 വരെ | LBA(HQ/I1/BA-819/35 Dt.19/06/2012 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

2015-16 വർഷത്തെ വാർഷിക കണക്കുകളിന്മേലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1)വിവിധ വരവിനങ്ങളിൽ കെട്ടിടനികുതിയുടെ ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ ഈ ഇനത്തിന്റെ RP-43, B15 ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

2) ആസ്തികളുടെ അക്കൗണ്ടിംഗ് പൂർണ്ണമല്ല

3)മുൻ വാർഷിക കണക്കുപ്രകാരം പഞ്ചായത്ത് ഫണ്ട് നീക്കിയിരിപ്പ് 2638126 രൂപയാണ്. എന്നാൽ തൻവർഷ പ്രാരംഭബാക്കി 2637998 രൂപയാണ്.

4)വാർഷിക കണക്കുകൾ പ്രകാരം വി.പി.എഫ്.എ 2(ബി) പ്രാരംഭബാക്കി 2285771 രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം ആയത് 1684804 രൂപയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമായില്ല.

## 2-2 വസ്തു നികുതി ഡിമാന്റ് ചെയ്യാത്തത് ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ ആഞ്ജനേയ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള ഇരുനില കെട്ടിടം (180.82 ച.മീ. വിസ്തീർണ്ണം, XIV/242 A) കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 (ഡി) പ്രകാരം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതായി ഓഡിറ്റ് പരിശോധനയിൽ കാണുന്നു. കെട്ടിടങ്ങളുടെ അസസ്മെന്റ് രജിസ്റ്ററിൽ ലോഡ്ജിംഗ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.4) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് സെക്ഷൻ 207 (എ) ൽ അഗതികൾക്കോ, അനാഥർക്കോ, ശാരീരികമായോ, വെല്ലുവിളി

നേരിടുന്നവർക്കോ, മാരക രോഗികൾക്കോ, മൃഗങ്ങൾക്കോ, അഭയം നൽകുന്നതും, ധർമ്മകാര്യങ്ങൾക്കും, ആയി ഉപയോഗപ്പെടുന്നതും, എല്ലാ വിഭാഗങ്ങൾക്കും പ്രവേശനം നൽകുന്നതുമായ കെട്ടിടങ്ങൾ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നു. പ്രസ്തുത കെട്ടിടം മേൽ വിഭാഗത്തിൽ ഉൾപ്പെട്ടതാണ് എന്ന് അസ്സസ്മെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ ടി കെട്ടിടത്തിന്റെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല

2014-15, 2015-16 വർഷങ്ങളിൽ പഞ്ചായത്തിൽ പ്രവർത്തിച്ച ചില സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും, സ്ഥാപനതൊഴിൽനികുതിയും ഡിമാന്റ്ചെയ്ത് ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നം-3) ലഭിച്ച മറുപടിയിൽ പ്രസ്തുത സ്ഥാപങ്ങളിൽനിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. സ്ഥാപനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ തൊഴിൽനികുതി | സ്ഥാപനതൊഴിൽനികുതി. |
|---|---|---|---|
| 1. | ടി.എസ്സ്നം-39,അക്കരപാടം | ഒന്നും,രണ്ടും അർദ്ധവർഷം | ഒന്നും,രണ്ടും അർദ്ധവർഷം |
| 2. | ടി.എസ്സ്നം-40,പാലാംകടവ് | ഒന്നും,രണ്ടും അർദ്ധവർഷം | ഒന്നും,രണ്ടും അർദ്ധവർഷം |
| 3. | സി.വി.എസ്സ്നം(കെ) 573, കയർ വ്യവസായ സൊസൈറ്റി മറവൻതുരുത്ത് | ഒന്നും,രണ്ടും അർദ്ധവർഷം | ഒന്നും,രണ്ടും അർദ്ധവർഷം |
| 4. | സി.വി.എസ്സ്നം(കെ)676 '' | ഒന്നും,രണ്ടും അർദ്ധവർഷം | ഒന്നും,രണ്ടും അർദ്ധവർഷം |
| 5. | സി.വി.എസ്സ്നം(കെ)572 '' | ഒന്നും,രണ്ടും അർദ്ധവർഷം | ഒന്നും,രണ്ടും അർദ്ധവർഷം |
| 6. | സി.വി.എസ്സ്നം(കെ)569 '' | ഒന്നും,രണ്ടും അർദ്ധവർഷം | ഒന്നും,രണ്ടും അർദ്ധവർഷം |
| 7. | സി.വി.എസ്സ്നം(കെ)432 '' | ഒന്നും,രണ്ടും അർദ്ധവർഷം | ഒന്നും,രണ്ടും അർദ്ധവർഷം |
| 8. | സബ് ഗ്രൂപ്പ് ഓഫീസ്, കുട്ടുമ്മേൽ. | ഒന്നും,രണ്ടും അർദ്ധവർഷം | --- |
| 9. | സെക്രട്ടറി, ക്ഷീരോദ്പ്പാദസഹകരണസംഘം43(B) | ഒന്നും,രണ്ടും അർദ്ധവർഷം | ഒന്നും,രണ്ടും അർദ്ധവർഷം |
| 10. | ഹാൻഡ് ലൂം കോപ്പറേറ്റീവ് സൊസൈറ്റി(3504) | ഒന്നാം അർദ്ധവർഷം | ഒന്നും,രണ്ടും അർദ്ധവർഷം |
| 11. | കെ.വി.സി.എസ്സ്നം(കെ)85(ഡി) കയർ വ്യവസായ സൊസൈറ്റി, കുട്ടുമ്മേൽ | ഒന്നും,രണ്ടും അർദ്ധവർഷം | ഒന്നും,രണ്ടും അർദ്ധവർഷം |

സൂചിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ഡി.ആന്റ്.ഒ ലൈസൻസ്-അന്വേഷണ റിപ്പോർട്ട് തയ്യാറാക്കാതെ അനുവദിച്ചു.

2015-16 വർഷത്തിൽ ഡി.ആന്റ് ഒ ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനും ലഭിച്ച ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ ഉദ്യോഗസ്ഥൻ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കാതെയും, നിരാക്ഷേപ പത്രങ്ങളുടെ കാലവധി പരിശോധിക്കാതെയും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ലൈസൻസ് അനുവദിക്കുന്നതിന് ലഭിക്കുന്ന അപേക്ഷകളും നിരാക്ഷേപ പത്രങ്ങളുടെ കാലവധിയും പരിശോധിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-5 ഇ ടെന്റർ-ടെന്റർഫോം വില പഞ്ചായത്തിന് ലഭ്യമായിട്ടില്ല.

താഴെപ്പറയുന്ന റോഡ് വർക്കുകൾ ഇ ടെന്റർ നടപടിക്രമം മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത വർക്കുകൾക്കായ് ടെന്റർഫോം വിലയിനത്തിൽ വിവിധ കരാറുകാർ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. മറിച്ച് അവ തദ്ദേശസ്വയംഭരണവകുപ്പ് മരാമത്ത് വിഭാഗം കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുകയാണ്. പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്റ്റ്നം./ പേര് | പ്രോജക്റ്റ്കോസ്റ്റ് | ടെന്റർഫോം വില | ടെന്റർഫോം വാങ്ങിയ കരാറുകാരുടെ എണ്ണം | ലഭിക്കേണ്ട ഫോം വില | വാറ്റ് |
|---|---|---|---|---|---|---|
| 1 | 30/16 മണിയശ്ശേരി കറ്റുരുത്തിറോഡ് ടാറിംഗ് | 500000 | 1000 | 2 | 2000 | 80 |
| 2 | 33/16 പാറക്കൽ തട്ടാവേലി റോഡ് മെറ്റലിംഗ് | 500000 | 1000 | 3 | 3000 | 120 |
| ആകെ | | | | | 5000 | 200 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണം-ഒരേ ദിവസം രണ്ട് പരസ്യങ്ങൾ നൽകിയതുമൂലം അധികച്ചെലവ്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മംഗളം ദിനപ്പത്രത്തിൽ പരസ്യം നൽകിയതിന് വൗച്ചർ നമ്പർ 21500560/29.10.15 പ്രകാരം 17820 രൂപയും(ക്രമ നമ്പർ 1-3) വൗച്ചർ നമ്പർ 21500763/20.1.16 പ്രകാരം 6720 രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പത്രത്തിന്റെ ബിൽ നമ്പർ/തീയതി | തുക | പരസ്യ തീയതി | പരസ്യയിനം |
|---|---|---|---|---|
| 1 | 157568/8.9.15 | 5760 | 8.9.15 | പ്രോജക്റ്റ് നമ്പർ 69/16, 131/16, 95/16, 111/16എന്നിവയുടെ ടെണ്ടർ |
| 2 | 157569/8.9.15 | 4800 | 8.9.15 | എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| 3 | 157120/23.8.15 | 6720 | 23.8.15 | വിവിധ പ്രോജക്റ്റുകൾക്ക് സാധനങ്ങൾ സപ്ളൈ-ടെണ്ടർ |
| 4 | 157121/23.8.15 | 6720 | 23.8.15 | തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സാധനങ്ങൾ സപ്ളൈ-ടെണ്ടർ |

ഒരു വിൻഡോപരസ്യം വഴി നൽകാമായിരുന്ന പരസ്യങ്ങൾ ഒരേ തീയതിയിൽ ഒരേ പത്രത്തിൽ രണ്ടായി നൽകിയതുമൂലം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 5/14.11.16) സെക്രട്ടറി മറുപടി ലഭ്യമാക്കി. സെക്ഷനിൽ നിന്നും രണ്ട് ആമുഖസാക്ഷ്യപത്രം പ്രകാരം നൽകിയതിനാലാണ് ഇപ്രകാരം തുക ചെലവഴിക്കേണ്ടിവന്നതെന്നാണ് മറുപടിയിൽ വ്യക്തമാക്കിയത്. അനിവാര്യഘട്ടത്തിൽ ചെലവഴിക്കേണ്ടി വന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിരുന്നു. അധിക ചെലവിന് ഇടയാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 3-2 മറ്റപ്പറമ്പ്-ചെമ്മനാകിരി റോഡ്-അനധികൃതമായി ടോൾ പിരിച്ചു

ഗ്രാമപഞ്ചായത്തിലെ മറ്റപ്പറമ്പ്-ചെമ്മനാകരി റോഡിൽ ശ്രീ കെ എസ് വേണുഗോപാൽ, കൊച്ചുപ്ളാക്കത്തറ ചെയർമാനായും ശ്രീ കെ ആർ സുകുമാരൻ, കാർത്തിക കൺവീനറായും വർഷങ്ങൾക്ക് മുമ്പ് റോഡ്സംരക്ഷണ സമിതി എന്ന പേരിൽ ഗ്രാമപഞ്ചായത്തിന്റെ അനുവാദമില്ലാതെ അനധികൃതമായി ടോൾ പിരിച്ചിരുന്നു. (ഏത് വർഷമാണ് പിരിവ് നടത്തിയതെന്ന രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല.) പരാതിയുടെ അടിസ്ഥാനത്തിൽ ആയതിൻമേൽ ആരംഭിച്ച വിജിലൻസ് അന്വേഷണം നിലവിലും തുടരുകയാണ്. 24.3.12 ലെ 5(4) നമ്പർ

തീരുമാനപ്രകാരം റോഡ്സംരക്ഷണ സമിതിയുടെ വരവ്-ചെലവ് കണക്കുകൾ വിശദമായ ഓഡിറ്റിന് വിധേയമാക്കിയശേഷം സമർപ്പിച്ചാൽ സർക്കാർ അംഗീകാരത്തിനുവിധേയമായി മേൽ പിരിവ് തുകയുപയോഗിച്ച് പ്രോജക്ട് രൂപീകരിക്കാമെന്ന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചു.അതിനനുസരിച്ച് പിരിവ് തുകയിൽ അവശേഷിക്കുന്നത് ഗ്രാമപഞ്ചായത്തിന് കൈമാറാൻ റോഡ്സംരക്ഷണ സമിതി തയ്യാറായി.29.12.14 ലെ 64197/ഡിഎ2/14 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഈ വിഷയത്തിൽ സ്പഷ്ടീകരണം നൽകുകയുണ്ടായി. ആയത് പ്രകാരം കമ്മറ്റിയുടെ സംഭാവനയായി SCB കുലശേഖരമംഗലം ബ്രാഞ്ചിലെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാൻ നിർദ്ദേശിച്ചു. എന്നാൽ ടി തീരുമാനം റോഡ് സംരക്ഷണ കമ്മറ്റി നടത്തിയ അനധികൃതപണപ്പിരിവിന് അംഗീകാരമോ ചെലവിന് സാധൂകരണമോ അല്ല എന്ന് ടി ഉത്തരവിൽ വ്യക്തമായിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമിതി 1912924 രൂപ രസീത് നമ്പർ 1150150000/16.4.15 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കി. സർക്കാർ അനുമതിയോടെ ടി തുക വികസനപ്രവർത്തനങ്ങൾക്കുപയോഗിക്കാൻ 19473/DA2/14/LSGD dt 8.1.15 പ്രകാരം സർക്കാർ അനുവാദം നൽകിയിരുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പഞ്ചായത്തിന്റെ അനുവാദമില്ലാതെ ഇത്ര വിപുലമായ തോതിൽ ടോൾ പിരിവ് നടന്നിട്ടും ആയത് നിയന്ത്രിക്കാനാവാഞ്ഞത് അന്നത്തെ ഭരണസമിതിയുടെ ഭാഗത്തുനിന്നുണ്ടായ വലിയ വീഴ്ചയാണ്. എത്ര തുക പിരിച്ചെന്നോ, രസീതുപയോഗിച്ചാണോ പിരിച്ചതെന്നോ വ്യക്തമല്ല. ലഭ്യമായ തുക സർക്കാരിന്റെ അനുമതിയോടെ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടതും അനധികൃതപിരിവ് നടത്തിയവർക്കെതിരെ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-3 കന്നുകുട്ടിപരിപാലനം-രേഖകൾ അപൂർണ്ണം

പ്രോജക്ട് നമ്പർ-16/16

ചെലവ്- 312500

(വികസന ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്റിനറി സർജൻ

കന്നുകുട്ടിപരിപാലനം എന്ന പ്രോജക്ടിനായി തൻവർഷം 50 കിടാരികളെ എൻട്രോൾ ചെയ്ത് കാലിത്തീറ്റ നൽകുന്നതിനായി 312500 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് ഡി ഡി നമ്പർ 787752/11.11.15 പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സബ്സിഡിപ്രോഗ്രാം കോട്ടയത്തിന് നൽകിയിട്ടുണ്ട്. കിടാരികളെ എൻട്രോൾ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1.8.15 ലെ 1(14) തീരുമാനപ്രകാരം കെ.എസ് മംഗലം ക്ഷീരസംഘത്തെ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി തെരഞ്ഞെടുത്തു. എന്നാൽ ക്ഷീരസംഘത്തിൽ നിന്നും കാലിത്തീറ്റ വിതരണം സംബന്ധിച്ച രജിസ്റ്റർ ലഭ്യമായില്ല. മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (നമ്പർ 7/14.11.16) മറുപടി ലഭ്യമായില്ല. ആയതിനാൽ 312500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 വിവിധ കാരണങ്ങളാൽ ചെലവു തുകകൾ തടസ്സപ്പെടുത്തുന്നു.

ചുവടെ ചേർക്കുന്ന ചെലവു തുകകൾ ഒപ്പം ചേർത്തിട്ടുള്ള കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് തുക/ഫണ്ട് | വൗച്ചർ നമ്പർ/ ഡി.ഡി നമ്പർ | തടസ്സപ്പെടുത്താനുള്ള കാരണം. |
|---|---|---|---|---|---|
| 1 | 134/16, തെരുവു നായ വന്ധ്യംകരണം | വെറ്റിനറി സർജൻ | 175000 തനത് ഫണ്ട് | 334667/2.4.16 740108/17.11.15 | വിനിയോഗസാക്ഷ്യപത്രം ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമായില്ല |
| 2 | 61/16,IAY അധികസഹായം | സെക്രട്ടറി | 540000 (വി.ഫ) | 333616/18.3.16 ബി.ഡി.ഒ, വൈക്കംബ്ളോക്ക് പഞ്ചായത്ത് | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല |

| | | | | | |
|---|---|---|---|---|---|
| 3 | 142/16,IAY അധികസഹായം(എസ്.സി) | വി.ഇ.ഒ കെ എസ് മംഗലം | 424393 (വി.ഫ) | 742898/1.3.16 ബി.ഡി.ഒ, വൈക്കംബ്ളോക്ക് പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| | | ആകെ | 1139393 | | |

രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 റോഡ് വർക്കുകൾ എല്ലാഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമായ് നിർവഹിച്ചിട്ടില്ല.

റോഡുവർക്കുകൾ നിർമ്മാണത്തിന്റെ എല്ലാഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമായല്ല നിർവഹിക്കപ്പെടുന്നതെന്ന് കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്റ്റ്നം. | പേര് | ആകെ ചെലവ് | ബിൽ നം. | നിർവഹിച്ച പ്രവൃത്തി | ബാക്കി ചെയ്യാനുള്ള പ്രവൃത്തി |
|---|---|---|---|---|---|---|
| 1 | 33/16 | പാറക്കൽ- തട്ടാവേലി റോഡ് | 414095 | 51500865/29.2.16 | മെറ്റലിംഗ് | ടാറിംഗ് |
| 2 | 121/16 | ചുണ്ടങ്ങാത്തറ ഐ എച്ച് ഡി പി കോളനിറോഡ് | 398682 | 51500501/3.10.15 | മെറ്റലിംഗ് | ടാറിംഗ് |
| 3 | 59/16 | കോതാലിത്താഴം-പാലക്കാട്ട് റോഡ് | 248966 | 51501065/31.3.16 | സോളിംഗ് | മെറ്റലിംഗ് ടാറിംഗ് |
| 4 | 28/16 | മൂന്നുകണ്ടം കോളനിറോഡ് | 287907 | 51500682/19.12.15 515007688/25.1.16 | സോളിംഗ് | മെറ്റലിംഗ് ടാറിംഗ് |
| 5 | 35/16 | ചിറ്റേഴത്ത്- തോട്ടാരത്ത് റോഡ് | 297227 | 51500683/19.12.15 51500773/29.1.16 | സോളിംഗ് | മെറ്റലിംഗ് ടാറിംഗ് |
| 6 | 24/16 | മേക്കരക്ഷേത്രംകടവ്റോഡ് | 55883 (പാർട്ട് പേമെന്റ്) | 51501014/31.3.16 51501027/31.3.16 51501056/31.3.16 | മണ്ണ്ഫില്ലിംഗ് | സോളിംഗ് മെറ്റലിംഗ് ടാറിംഗ് |
| 7 | 111/16 | ശാരദാമഠം-കളത്തിൽറോഡ് | 99983 | 51500108/31.3.16 | മണ്ണ്ഫില്ലിംഗ് | സോളിംഗ് മെറ്റലിംഗ് ടാറിംഗ് |
| 8 | 110/16 | ആഞ്ഞിലിത്തറ-ചൊള്ളാത്തറ റോഡ് | 99625 | 51500759/16.1.16 | മണ്ണ്ഫില്ലിംഗ് | സോളിംഗ് മെറ്റലിംഗ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ടാറിംഗ് |

ഭാഗികമായ് മാത്രം റോഡ്നിർമ്മാണം പൂർത്തീകരിച്ചതിനാൽ പ്രസ്തുത റോഡുകൾ ഒരു സമ്പൂർണ്ണ ആസ്തിയായി പരിണമിച്ചിട്ടില്ല. തന്മൂലം ഗുണഭോക്താക്കൾക്ക് പൂർണ്ണമായ പ്രയോജനം സിദ്ധിച്ചിട്ടില്ല. ഇവയിൽ മൂന്നകണ്ടം കോളനി റോഡൊഴിച്ച് ബാക്കിയൊന്നിനും തുടർ വർഷം പ്രോജക്ട് വച്ചിട്ടില്ല. ഇവയുടെ അവശേഷിക്കുന്ന ഭാഗത്തിന്റെ പ്രവൃത്തികൾ തുടർവർഷങ്ങളിൽ നിർവഹിക്കാൻ വിട്ടുപോവുകയോ നിർവഹിച്ചാൽത്തന്നെ അത് പഞ്ചായത്തിന് ഇപ്പോൾ നിർവഹിച്ചാൽ വരുന്നതിനേക്കാൾ കൂടുതൽ ചെലവുണ്ടാക്കുന്നതുമായിരിക്കും. മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8) ഫണ്ടിന്റെ അപര്യാപ്തതയാണ് ഇപ്രകാരം ഭാഗികമായ് നിർവഹണം ഏറ്റെടുക്കാനിടയാക്കുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് പൂർണ്ണപ്രയോജനം കിട്ടത്തക്കവിധത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും പഞ്ചായത്ത് ഭരണസമിതിയും നിർവഹണോദ്യോഗസ്ഥനും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-6 റോഡ് ടാറിംഗ് പ്രവൃത്തികൾ-ഒഴിഞ്ഞ ടാർ വീപ്പകളുടെ വില ബില്ലിൽ നിന്നും കുറവ് ചെയ്യാൻ വിട്ടുപോയി.-കൺവീനർക്ക് അധികം തുകനൽകി

ഗുണഭോക്തൃസമിതികൾ നിർവഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിലാണ് ബിറ്റുമിൻ സപ്ളൈ ചെയ്തിട്ടുള്ളത്. ഇത്തരം വർക്കുകളുടെ അന്തിമബിൽപ്രകാരം തുകയനുവദിക്കുമ്പോൾ ബഹുഭൂരിപക്ഷം പ്രവൃത്തികളിലും ഒഴിഞ്ഞ ടാർ വീപ്പകളുടെ വിലയും അവയ്ക്ക് ബാധകമായ വാറ്റും കുറച്ച് ബാക്കി തുകയാണ് കൺവീനർമാർക്ക് നൽകുന്നത്. എന്നാൽ ഏതാനും വർക്കുകളിൽ പ്രസ്തുത നിബന്ധന പാലിക്കാൻ വിട്ടുപോയതിനാൽ ചുവടെ വിവരിക്കും പ്രകാരം അധികം തുക കൺവീനർമാർക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് നം. | വർക്കിന്റെ പേര് | കൺവീനർ | കൺവീനർ കൈപ്പറ്റിയ തുക | ഡിഡിനം. | ലഭ്യമാക്കിയ ബിറ്റുമിൻ ബാരലുകൾ | ഒഴിഞ്ഞ ബാരലുകളുടെ വിലയിനത്തിൽ കുറവു ചെയ്യേണ്ടിയിരുന്ന തുക@ 238/ബാരൽ | വാറ്റ് നിരക്ക് @14.5 ശതമാനം | ആകെ കൺവീനർക്ക് അധികം നൽകിയത് |
|---|---|---|---|---|---|---|---|---|
| 41/16 | മുഴിക്കൽ കുട്ടുമ്മേൽ റോഡ് റീടാറിംഗ് | സന്തോഷ് കുമാർ പാലയ്ക്കാത്തറ | 414513 | 741969/ 1.2.16 | 23 | 5474 | 794 | 6268 |
| 26/16 | ഗുരുമന്ദിരം കാട്ടിപ്പറമ്പ് ചിറ്റേത്ത്റോഡ് ടാറിംഗ് | ഔസേഫ് വർഗ്ഗീസ് കുന്നത്ത് | 276402 | 334392/ 31.3.16<br>333491/ 17.3.16 | 10 | 2380 | 345 | 2725 |
| ആകെ | | | | | | 7854 | 1139 | 8993 |

പ്രസ്തുത തുക ഉത്തരവാദികളായ വ്യക്തികളിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-7 പദ്ധതിഗുണഭോക്താവല്ലാത്തയാളെ കൺവീനറാക്കി പ്രവൃത്തിനിർവഹണം നടത്തി

ചുവടെ പരാമർശിക്കുന്ന റോഡ് വർക്ക് ഗുണഭോക്തൃസമിതി മുഖേനയാണ് നിർവഹണം നടത്തിയത്.

| പ്രോജക്ടനം. | പേര് | ആകെ ചെലവ് | ബിൽനം. | കൺവീനർ | ചെയർമാൻ |
|---|---|---|---|---|---|
| 121/16 | ചുണ്ടങ്ങാത്തറ ഐ എച്ച് ഡി പി കോളനിറോഡ് മെറ്റലിംഗ് | 398682 | 51500501/3.10.15 | പ്രകാശൻ പ്രിയങ്കാലയം | കൃഷ്ണൻകുട്ടി ചുണ്ടങ്ങാത്തറ |

എസ് സി പി ഫണ്ടുപയോഗിച്ച് നിർവഹണം നടത്തിയ പ്രസ്തുത വർക്കിന് പട്ടികജാതി വികസന ഓഫീസർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അദ്ദേഹം സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റപ്രകാരം പട്ടികജാതിക്കാരായ 48പേരും ജനറൽ വിഭാഗത്തിലെ 21 പേരും ഉൾപ്പെടുന്നവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. എന്നാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാത്തവരെയാണ് ഗുണഭോക്തൃസമിതിയുടെ കൺവീനറും ചെയർമാനുമായ് നിശ്ചയിച്ചതും പ്രവൃത്തി നിർവഹിക്കാൻ ചുമതലപ്പെടുത്തിയതും. ഇത് ക്രമാനുസൃതമല്ല. മേൽ നിരീക്ഷണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ പ്രസ്തുത കൺവീനറും ചെയർമാനും പട്ടികജാതി വികസന ഓഫീസർ അംഗീകരിച്ച ലിസ്റ്റിൽപ്പെടുന്നവരല്ലന്ന ഓഡിറ്റ് നിരീക്ഷണത്തെ ഖണ്ഡിച്ചിട്ടില്ല. അതേ സമയം പ്രസ്തുത വ്യക്തികൾ പദ്ധതി ഗുണഭോക്താക്കൾ തന്നെയാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഈ നിലപാട് രേഖാപരമായി പൊരുത്തപ്പെടുന്നില്ല. ഗുണഭോക്തൃസമിതിമുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവഹണം യഥാർത്ഥ ഗുണഭോക്താക്കളെ ചുമതലപ്പെടുത്തുന്നതിനും പദ്ധതി നിർവഹണത്തിൽ ബിനാമി സാന്നിദ്ധ്യം ഒഴിവാക്കുന്നതിനും വേണ്ട ജാഗ്രത പഞ്ചായത്ത് ഭരണസമിതിയും നിർവഹണോദ്യോഗസ്ഥനും പുലർത്തേണ്ടതാണ്.

## 3-8 ചെമ്മനാകരി സാംസ്കാരികനിലയം അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കൽ- അപാകതകൾ

| പ്രോജക്ട് നം. | ആകെ ചെലവ് | ബിൽ നം.തീയതി | കൺവീനർ | കൺവീനർ കൈപ്പറ്റിയ തുക | ഡിഡിനം. |
|---|---|---|---|---|---|
| 120/16 | 1282038 | 51500502/3.10.15<br>51500932/16.3.16<br>51500709/31.12.15 | സതീശൻ മാതാക്കരത്തറ | 1121784 | 741914/30.1.16 (58196)<br>333381/16.3.16 (500000)<br>787166/1.10.15 (512121)<br>741166/1.1.16 (51467) |

1. ഗുണഭോക്തൃസമിതി നിർവഹിക്കുന്ന വർക്കുകൾക്ക് സമിതി ചെലവാക്കിയ യഥാർത്ഥ തുകയോ എഞ്ചിനീയർ മരാമത്ത് നിരക്ക് പ്രകാരം മൂല്യനിർണ്ണയം ചെയ്യുന്ന തുകയോ ഏതാണ് കുറവ് അതാണ് പേമെന്റ് ആയി അനുവദിക്കേണ്ടത്. ഗുണഭോക്തൃസമിതി യോഗം ചേർന്ന് ചർച്ചചെയ്ത് പാസ്സാക്കി അംഗീകരിച്ച ചെലവ് 1141744രൂപയാണ്. ഇതിൽനിന്നും 2ശതമാനം വരുമാനനികുതിയിനത്തിൽ (22835രൂപ) കുറച്ച് ബാക്കി 1118909/- രൂപ മാത്രം അനുവദിക്കേണ്ടപ്പോൾ കൺവീനർക്ക് 1121784രൂപ നൽകി. ഇതനുസരിച്ച് 2875രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ പ്രസ്തുത തുക തിരികെ ഈടാക്കേണ്ടതാണ്.
2. ഈ സാസ്കാരികനിലയം വൈദ്യുതീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത നിർമ്മിതികൊണ്ട് ഗുണഭോക്താക്കൾക്ക് പൂർണ്ണമായ പ്രയോജനം ലഭിക്കുന്നില്ല. എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിന് തുക വക കൊള്ളിച്ചിരുന്നില്ല.
3. പ്രസ്തുതകെട്ടിടം പഞ്ചായത്തിന്റെ തനത് ആസ്തിയായി ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രസ്തുത സാംസ്കാരിക നിലയം വൈദ്യുതീകരിക്കുന്നതിന് 16-17 ൽ പ്രോജക്ട് വച്ചിട്ടുന്നറിയിച്ചു. അതേ പോലെ പ്രസ്തുത കെട്ടിടം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നതാണന്നതിന് സ്ഥിരീകരണമായി ആസ്തിരജിസ്റ്ററിന്റെ നിർദ്ദിഷ്ട പകർപ്പ് ഹാജരാക്കിയിരുന്നു. എന്നാൽ പ്രസ്തുത രേഖ പ്രകാരം നിർദ്ദിഷ്ട സ്ഥലം ശ്മശാന ഭൂമിയാണ്. ടി ഭൂമിയിലാകട്ടെ ഇപ്രകാരം ഒരു കെട്ടിടം നിലനിൽക്കുന്നതായും

വ്യക്തമാകുന്നില്ല. കൺവീനർക്ക് അധികം നൽകിയ 2875/- രൂപ തിരികെ ഈടാക്കേണ്ടതും ക്രമ.നം.3 ലെ അപാകതയ്ക്ക് വിശദീകരണം ഹാജരാക്കേണ്ടതുമാണ്.

## 3-9 റോഡ്നിർമ്മാണത്തിന് സ്വകാര്യ ഭൂമി വിട്ടുനൽകിയത്-പഞ്ചായത്തിന്റെ ആസ്തിയായ് പരിണമിച്ചിട്ടില്ല

താഴെപ്പറയുന്ന റോഡ്നിർമ്മാണപ്രവൃത്തികൾക്ക് ഓഡിറ്റ് വർഷം പഞ്ചായത്ത് പണം ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് നിർമ്മാണത്തിന് വ്യക്തികൾ വർഷങ്ങൾക്കുമുമ്പേ തന്നെ തങ്ങളുടെ ഭൂമി വിട്ടൊഴിഞ്ഞുനൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുള്ളതാണ്. ആയത് റവന്യൂ നടപടിക്രമങ്ങളിലൂടെ പഞ്ചായത്ത് ഭൂമിയാക്കുന്നതിന് നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും പ്രസ്തുത ഭൂമി നാളിതുവരെ പഞ്ചായത്ത് ആസ്തിയായ് പരിണമിച്ചിട്ടില്ല.

| പ്രോജക്ട് നം. | പേര് | ആകെ ചെലവ് | ബിൽനം. | ഭൂമി വിട്ടൊഴിഞ്ഞു നൽകിയവരുടെ എണ്ണം | ഭൂമി വിട്ടൊഴിഞ്ഞു നൽകുന്നതിന് സമ്മതപത്രം നൽകിയ തീയതി |
|---|---|---|---|---|---|
| 111/16 | ശാരദാമഠം കളത്തിൽറോഡ് നിർമ്മാണം | 99983 | 515001008/31.3.16 | 10 | 19.7.13 |
| 110/16 | ആഞ്ഞിലിത്തറ ചൊള്ളാത്തറ റോഡ്നിർമ്മാണം | 99625 | 51500759/16.1.16 | 26 | 7.12.13 |
| ആകെ | | 199608 | | | |

റോഡ് നിർമ്മാണത്തിനായ് വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തിയാക്കിമാറ്റുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 3-10 ഭവന നിർമ്മാണം- പണിപൂർത്തികരിച്ചിട്ടില്ല.

പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

എ) പഞ്ചായത്ത് ഭവനനിർമ്മാണ പദ്ധതി (88/16) (സ്പിൽ ഓവർ 2014-15)

| ക്രമനംമ്പർ | പേര്,മേൽവിലാസം | നിർമ്മാണ പുരോഗതി നില | കൈപ്പറ്റിയ തുക |
|---|---|---|---|
| 1. | ബിന്ദു വിജയൻ, പാർവ്വതിനിവാസ് | ഭിത്തി | 1,40000/- |
| 2. | ഷൈല ദിനേശൻ, പാരേപ്പാടം | അടിത്തറ | 70000/- |
| 3. | സുജിത ബിനീഷ്, മാന്തഴയിൽ | അടിത്തറ | 80000/- |
| 4. | അമ്പിളി വിനോദ്, പുറന്തറ | അടിത്തറ | 50000/- |
| 5. | പങ്കജാക്ഷി, കണ്ണങ്കേരിൽ | അടിത്തറ | 50000/- |
| 6. | വിലാസിനി, വിശ്വോദയം | ഭിത്തി | 1,40000/- |
| 7. | ശോഭന, പൂവത്തുംകാട്ടിൽ | അടിത്തറ | 20000/- |
| 8. | ശാന്ത ബാബു, പുത്തൻതറ | അടിത്തറ | 60000/- |

ബി) ജവഹർലാൽനഹ്റു ഭവനപദ്ധതി.(74/16) (2015-16 വർഷം)

| ക്രമനംമ്പർ | പേര് മേൽവിലാസം | നിർമ്മാണ പുരോഗതി നില | കൈപ്പറ്റിയ തുക |
|---|---|---|---|
| 1. | സജീവ്, കഴിപ്പുഞ്ചയിൽ | ഭിത്തി | 80000/- |

സി) ഇ.എം.എസ്സ് ഭവനപദ്ധതി.(89/16) (സ്പിൽ ഓവർ -2009-10)

| ക്രമ നംമ്പർ | പേര്,മേൽവിലാസം | നിർമ്മാണ പുരോഗതി നില | കൈപ്പറ്റിയ തുക |
|---|---|---|---|
| 1. | സനിൽ.കെ, സനിൽഭവനം | അടിത്തറ | 52500/- |
| 2. | സോമൻ, പോളകുളങ്ങര | അടിത്തറ | 52500/- |
| 3. | അനിൽ കുമാർ, ആശാരിപറമ്പിൽ | അടിത്തറ | 52500/- |
| 4. | ബാബു, പാരയകൊണ്ടത്ത് | അടിത്തറ | 52500/- |
| 5. | ലേഖ രാജു, പടന്നയിൽ | അടിത്തറ | 140,000/- |

ഡി) എം.എൻ.ലക്ഷം വീട്.

1. പൊന്നമ്മ,കുളങ്ങര കോളനി.

ഗുണഭോക്താവ് എത്ര തുക കൈപ്പറ്റി എന്നതിന് രേഖകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. കൈപ്പറ്റിയ തുക എത്രയാണെന്ന് അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വൈക്കം | 2013-14 | 1000000 | ചെമ്മനാകരി സാംസ്കാരികനിലയം | 500000 | 0 | 500000രൂപ മുൻവർഷങ്ങളിൽ ചെലവഴിച്ചിരുന്നു. |
| -ടി- | 2014-15 | 50000 | ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 50000 | 0 | |

**4-2.** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ -ഇല്ല

**4-3.** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതുകകൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

**4-4.** വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ(എം.എസ്) 1309/10 /LSGD/ 13.4.10 | 10834750 | 4704250 | 1575427 | - | 3128823 |

**4-5.** <u>സ്ഥിരനിക്ഷേപങ്ങൾ</u>- ഇല്ല

**4-6.** <u>ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം ലഭിച്ച 25580രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| (*) | | 23730 | ശ്രീ.എൻ കെ വിജയൻ,സെക്രട്ടറി | 1150990004/8.6.15 |
| 2003-04 | പാര 2-1 | 502 | ശ്രീ.ടി കെ രാജേന്ദ്രൻ മെമ്പർ | 11501101985/8.10.15 |
| 2003-04 | പാര 2-1 | 776 | ശ്രീ.പുരുഷോത്തമൻ,മെമ്പർ | 11501101986/8.10.15 |
| 2003-04 | പാര 2-1 | 572 | ശ്രീ.എൻ സി തോമസ്, മെമ്പർ | 11501102016/8.10.15 |

(*) ജീവനക്കാരന്റെ ഡി.സി.ആർ.ജി.യിൽ നിന്ന് കുറവ് വരുത്തി പഞ്ചായത്തിനെ അറിയിച്ച തുകയാണ്. ഇതിന്റെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

**4-7.** <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 99-02 | ഭാഗം-2 ഖ.3 | 2004-05 | 3-5-5(1) | മണമേൽക്കടവ് പാലം-നിർമ്മാണ അപാകതകൾ കാർഷിക പദ്ധതിയും കൃഷി ഭവനും ശിശുക്ഷേമം | - |
| 09-10 | പ്രവർത്തനാവലോകനം | 2011-12 | - | | - |

**4-8.** <u>ഓഡിറ്റ് പ്രത്യവലോകനം</u>

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44297052 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41645616 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10729 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1451893 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 7854 | ശ്രീമതി ശോഭിനി, അസി.എഞ്ചിനീയർ |
| 3-8 | | 2874 | ” |
| ആകെ | | 10729 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 312500 | ഡോ.മിനി ജോസഫ്, വെറ്റിനറി സർജൻ |
| 3-4 | 175000 | '' |
| 3-4 | 540000 | ശ്രീമതി മീര എൻ.മേനോൻ, സെക്രട്ടറി |
| | 424393 | '' |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 2-5 | 200 |
| 3-6 | 1139 |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ - ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശോഭിനി ടി.വി. | അസി.എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി., മറവൻതുരുത്ത് | കൃഷ്ണപ്രഭ,<br>മണീട് പി.ഒ,<br>മേമുഖം, എറണാകുളം |

**4-9.** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 99-2000<br>2000-01-2001-02 | എൽ.എഫ്.കെ.പി6/1109/11/19.6.12 | |
| 2002-03ചെലവ് | /എൽ.എഫ്.കെ.പി5/103/0/തീയ്യതി 28.02.07 | |
| 2003-04ചെലവ് | എൽ.എഫ്.കെ.പി7/302/06/ 26.05.07 | |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.കെ.പി7/911/07/12.5.08 | |
| 2005-06 | എൽ.എഫ്.കെ.പി6/1109/11/22.6.12 | 14 |
| 2006-07 | എൽ.എഫ്.കെ.പി6/1467/13/7.12.13 | 8 |
| 2007-08 | എൽ.എഫ്.കെ.പി6/1468/13/24.3.14 | 27 |
| 2008-09 | എൽ.എഫ്.കെ.പി6/1469/13/03.01.14 | 20 |
| 2009-10 | എൽ.എഫ്.കെ.പി6/1470/13/12.12.13 | 20 |
| 2010-11 | എൽ.എഫ്.കെ.പി6/1471/13/6.1.14 | 14 |
| 2011-12 | എൽ.എഫ്.കെ.പി6/1676/13/26.3.14 | 27 |
| 2012-13 | എൽ.എഫ്.കെ.പി6/988/14/10.6.15 /7.7.15 | 22 |
| 2013-14<br>2014-15 | എൽ.എഫ്.കെ.പി6/309/2016/4.5.16 /13.5.16 | 16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെഎസ്എ-കെടിഎം-പി.**6.1788/2016** തീയതി.**22.11.2016**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ **2015-16** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മറവന്തുരുത്ത്ഗ്രാമപഞ്ചായത്തിന്റെ **2015-16-**ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**,**
ജില്ലാ ഓഡിറ്റ് കാര്യാലയം**,** കോട്ടയം